# പദ്യമഞ്ജരി

## നാലാം ഭാഗം.

പരിഷ്കരിച്ച പതിപ്പ്.

---

പ്രസാധകൻ,

റാവുസാഹിബ്

**ഉള്ളൂർ എസ്. പരമേശ്വരയ്യർ,**

എം. ഏ., ബി. എൽ., എം. ആർ. ഏ. എസ്.

---

പ്രകാശകൻ

ആർ. ററി. പിള്ള,

ചാല—തിരുവനന്തപുരം.

---

എല്ലാ പ്രതികളിലും പ്രസാധകന്റെ ഒപ്പു ഉണ്ടായിരിക്കും.

Digitized By Kerala Sahitya Akademi

പകർപ്പവകാശം പ്രസാധകന്നിൽ.

15-ാംപതിപ്പ് കാപ്പി 8000.

റെഡ്യാർ പ്രസ്സ്, തിരുവനന്തപുരം.

1110.

Digitized By Kerala Sahitya Akademi

# വിഷയസൂചി.


൧. പ്രഭാതപ്രാൎത്ഥന.

ഉള്ളൂർ എസ്. പരമേശ്വരയ്യർ, എം. ഏ., ബി. എൽ.

൨. പാൽക്കൊതി.

ചെറുശ്ശേരി.

൩. ആലിപ്പഴം.

തേലപ്പുറത്തു നാരായണൻനമ്പി.

൪. ഒല്ലാത്തവ.

അജ്ഞാതനാമാ.

൫. സദ്യയിലെ ബഹളം.

വിദ്വാൻ കോയിത്തമ്പുരാൻ.

൬. സജ്ജനങ്ങൾ.

കെ. സി. കേശവപിള്ള.

൭. ഒരു പോരിനുവിളി.

അജ്ഞാതനാമാ.

൮. മനുഷ്യന്റെ അപൂൎണ്ണത.

കുഞ്ചൻനമ്പ്യാർ.

൯. വിദ്യാധനം.

ആക്ഷത്തൂർ അനുജൻനമ്പൂതിരി.

൧൦. ബാലലീല.

കുഞ്ചൻനമ്പ്യാർ.

൧൧. ആദിത്യൻ.

കെ. സി. കേശവപിള്ള.

൧൨. ഒരു വേർപാട്.

ചെറുശ്ശേരി.

൧൩. ഭീമൻകുട്ടിയുടെ വിക്രമങ്ങൾ.

അജ്ഞാതനാമാ.


Digitized By Kerala Sahitya Akademi

൧൪. കൊള്ളരുതാത്ത വാലിയക്കാരൻ.

കുഞ്ചൻനമ്പ്യാർ.

൧൫. ഓണം.

കെ. സി. നാരായണൻ നമ്പ്യാർ.

൧൬. പിശുക്ക്.

വള്ളത്തോൾ നാരായണമേനോൻ.

൧൭. ജ്യേഷ്ഠനും അനുജനും.

പി. ജി. രാമയ്യർ, ബി. ഏ., ബി. എൽ.

൧൮. തത്വവിചാരം.

പൂന്താനം നമ്പൂതിരി.

൧൯. ഐകമത്യം.

ദിവാൻ ബഹദൂർ എ. ഗോവിന്ദപ്പിള്ള,
ബി. ഏ., ബി. എൽ., എഫ്. എം. യു.

൨൦. ശ്രീമൂലംതിരുനാൾ.

എം. ഉദയവർമ്മത്തമ്പുരാൻ, ബി. ഏ.

Digitized By Kerala Sahitya Akademi

# പദ്യമഞ്ജരി.

## നാലാം ഭാഗം.

---

### ൧. പ്രഭാത പ്രാൎത്ഥന.

---

ഭഗവാനേ! ജഗന്നാഥ!
ഭവാന്റെ കൃപയൊന്നിനാൽ
കിടക്കവിട്ടിതാ ദാസൻ
എഴുന്നേല്ക്കുന്നു പിന്നെയും.
ഉദിക്കുന്നു വിഭോ! സൂൎയ്യൻ;
പാടുന്നു പറവക്കുലം;
വീശുന്നു പുലർവേളക്കാ-
റ്റെന്റെ ഭാഗ്യമിതൊക്കെയും.
എന്നിലിത്രയ്ക്കു കനിയും
തിരുമേനിയെ നന്ദിയിൽ
ഏതുമട്ടൊക്കെ ഞാൻ വാഴ്ത്തും!
എത്രവാഴ്ത്തിക്കൃതാൎത്ഥനാം!
ജഗൽപ്പിതാവേ! പോകട്ടെ
പോയതൊക്കെയു,മെന്നെ ഞാൻ
ഇദ്ദിനംതൊട്ടു നന്നാക്കാൻ
ശ്രമിക്കാം; തുണചെയ്യണേ!

Digitized By Kerala Sahitya Akademi

ചാരുവാൻ നിഴൽ, പൈദാഹം
തീരുവാൻ ജല,മിത്രയും
പോരും; ഇന്നേക്കു രണ്ടും നിൻ
കാരുണ്യത്താൽ ലഭിക്കണം.
ധരോപരിയൊരാൾക്കെന്നിൽ
വിരോധമണുവെന്നിയെ
അരോഗനായ് ഞാനെന്നാളും
പരോപകൃതി ചെയ്യണം.
ഭഗവാനേ! ജഗന്നാഥ!
ശയ്യവിട്ടെഴുന്നേററ ഞാൻ
ഭവാനെ വീണ്ടും വാഴ്ത്തുന്നു
കൃതജ്ഞൻ പുലർവേളയിൽ.

ഉള്ളൂർ എസ്. പരമേശ്വരയ്യർ, എം. എ., ബി. എൽ.

—*—

## ൫. പാൽക്കൊതി.

(ഗാഥ)

പാൽവെണ്ണചേർന്നുള്ള ഭാജനമൊന്നൊന്നിൽ
പാഞ്ഞുതുടങ്ങീതക്കണ്ണിണയും;
കണ്ണിണചൊല്ലുന്ന നൽവഴി കണ്ടിട്ടു
കൈകളും ചെന്നുതുടങ്ങി പിന്നെ.
പാൽവെണ്ണതന്നിലക്കൈകൾപോയ്ചെൽകയാൽ
നാവിന്നുമാനന്ദമായ്ത്തുടങ്ങി.

Digitized By Kerala Sahitya Akademi

ഉണ്ണിവയററിന്നു കിഞ്ചന പൊങ്ങുവാ-
നുള്ളോരു ഹേതുവുമുണ്ടായ്‌വന്നു.
സ്നാനത്തിനായിട്ടു മാതാവു പോകുന്ന
കാലത്തെപ്പാർത്തുനിന്നന്നൊരുനാൾ
വെണ്ണയും പാലുംവച്ചുള്ളകം പൂകിനാൻ
വേഗത്തിൽ നോക്കിക്കൊണ്ടങ്ങുമിങ്ങും;
തൂക്കിന നല്ലുറിതൻകീഴിൽച്ചെന്നിട്ടു
നോക്കിനിന്നീടിനാനൊട്ടുനേരം.
പാരിച്ചുഖേദിച്ചാൻ നീളമില്ലായ്കയാ-
ലീരേഴുപാരുമളന്നോൻ പിന്നെ.
എന്തിനി നല്ലതെന്നിങ്ങിനെ തന്നിലേ
ചിന്തിച്ചുനിന്നു നുറുങ്ങുനേരം
ദൂരത്തുനിന്നൊരു പാഴുരൽകൊണ്ടന്നു
ചാരത്തു ചാലക്കമെത്തിവച്ചാൻ;
ഉന്നതിപോരാഞ്ഞു പിന്നെയതിന്മീതേ-
യുന്നതമായൊരു പീഠംവച്ചാൻ;
പെട്ടെന്നുപാഞ്ഞു കരേറിനാൻ തന്മീതേ;
പൊട്ടനല്ലേതുമവററിനൊട്ടും.
ചിത്തം തെളിഞ്ഞിട്ടു പുത്തനാംനല്ലുറി-
യെത്തിനിന്നങ്ങു പിടിക്കുംനേരം
പീഠംപിരണ്ടുനിലത്തങ്ങുവീഴ്കയാ-
ലാടിത്തുടങ്ങിനാനങ്ങുമിങ്ങും.

Digitized By Kerala Sahitya Akademi

ഭൂതലംതന്നിലോ തുള്ളിനിന്നീടുവാൻ
കാതരനായിട്ടു വന്നുകൂടി;
ചാലക്കരഞ്ഞുതുടങ്ങിനാൻ പിന്നെയോ,
ബാലകന്മാരുടെ ശീലമല്ലോ.

കുന്നംകുളം, ചൊവ്വശ്ശേരി.

---

## ൯. ആലിപ്പഴം.

ആമൂപാട്ടും ഗഗനത്തിലപ്പോഴേ
നീലമേഘങ്ങൾ മൂടി നിരന്തരം.
കൂററൻമാമരം തള്ളിയിട്ടുംകൊണ്ടു
കാററടിച്ചു ചടപടശബ്ദത്തിൽ
മിന്നിയോരിടിവാളിൻ വെളിച്ചത്താൽ
കണ്ണുമഞ്ഞളിച്ചമ്പരന്നു ജനം.
കമ്പംകത്തിക്കും മട്ടിലിടിവെട്ടി
കമ്പത്തിലായി ഞങ്ങൾശേഷവും.
വെള്ളമോരോരിടങ്ങഴികൊള്ളുന്ന
തുള്ളിവീണു; തുലഞ്ഞു പുരകളും;
പന്തടിക്കളമായുള്ളോരെൻമുററം
വൻതടാകമായ് മാറാൻ തുടങ്ങവെ
വല്ലാതുള്ളോരു ശബ്ദങ്ങൾ കേൾക്കായി;
മെല്ലെയൊന്നു പുറത്തുനോക്കീടിനേൻ.

Digitized By Kerala Sahitya Akademi

മുത്തിൻകട്ടപോലാലിപ്പഴം വീണ
മുററത്തേയ്ക്കങ്ങു ചാടിയിറങ്ങി ഞാൻ;
ആവതോളം പെറുക്കിയെടുക്കവെ
കൈവല്ലാതെ തരിച്ചു തണുപ്പിനാൽ.
പാലൊളിനിറമേലും പളുങ്കുപോ-
ലാലിപ്പകമുറച്ചതാണെങ്കിലും,
സ്വച്ഛവസ്തുവിനുണ്ടാമലിവെന്നാ-
യുച്ചരിക്കും വിധത്തിലലിഞ്ഞുപോയ്.
കണ്ണിലേയ്ക്കുമെറിഞ്ഞു ഞാനോരോന്നു
തണ്ഡുലത്തിലുമിട്ടു ചിലതെല്ലാം.

തേലപ്പുറത്തുനാരായണൻനമ്പി.

---

## ൪. ഒല്ലാത്തവ.

അറിവുള്ളോർ ചൊല്ലുന്ന വചനം തട്ടുകൊല്ലേ;
അഭിമാനത്തെക്കളഞ്ഞർത്ഥത്തെ മോഹിക്കൊല്ലേ.
ഉത്തമന്മാരോടങ്ങു കയർപ്പാൻ തുടങ്ങൊല്ലേ;
ഉചിതംകാണുന്നേരം പഴുതേ പോന്നീടൊല്ലേ.
തന്നുടെബലമറിയാതെ മത്സരിക്കൊല്ലേ;
തന്നാൽ സാധിച്ചീടാത്തതാമെന്നു പറയൊല്ലേ.
ചോദിച്ചാൽ തരുന്നേടത്തെപ്പോഴും ചോദിക്കൊല്ലേ;
ചോറുതന്നവർകളെച്ചതിപ്പാൻ തുടങ്ങൊല്ലേ.
ആക്കാനും കൊടുക്കുന്നതരുതെന്നുരയ്ക്കൊല്ലേ;
ആരാന്റെ മുതൽക്കേതുമാഗ്രഹമുണ്ടാകൊല്ലേ.

Digitized By Kerala Sahitya Akademi

അധമന്മാരെച്ചെന്നിട്ടല്പവും സേവിക്കൊല്ലേ;
അൻപിനാൽ വരുന്നതു വൻപിനാൽ വരുത്തൊല്ലേ.
തന്നെ സ്നേഹിച്ചീടാതെ താൻപ്രിയപ്പെട്ടീടൊല്ലേ;
സ്ഥായിയില്ലാത്ത ദിക്കിലെപ്പോഴും പോയീടൊല്ലേ.
ഒരുത്തരോടും കണക്കല്ലാതെ പിണങ്ങൊല്ലേ;
മറഞ്ഞുനിന്നുകൊണ്ടു മാററാരെത്തോല്പിക്കൊല്ലേ.
ദുരിതമുണ്ടാം വഴിയുപദേശിച്ചീടൊല്ലേ;
ദുഷ്ടന്മാരൊടുകൂടിസ്സംസർഗ്ഗമുണ്ടാകൊല്ലേ.
സൂക്ഷ്മത്തെയറിയാതെ സാക്ഷിപോയ് പറയൊല്ലേ;
സൂൎയ്യനണ്ടുദിക്കുമ്പോൾ നിദ്രയ്ക്കു തുനിയൊല്ലേ.
തന്നോടു ചോദിയാതെ താനേറെപ്പറയൊല്ലേ;
തന്നുടെവിലജ്ഞാനം താൻപോയിക്കുറയ്ക്കൊല്ലേ.
കലഹിച്ചൊരുവൻവന്നെതിൎത്താൽ കോപിക്കൊല്ലേ;
കടുക്കുമജ്ഞാനത്താൽ കാൎയ്യത്തെ വെടിയൊല്ലേ.

ബൃഹസ്പതിവാക്യം.

---

## ൫. സദ്യയിലെ ബഹളം.

വിത്തരിച്ചോറും ചെറുപരിപ്പും നല്ല
പുത്തുരുക്കുനെയ്യുമോലനും കാളനും
വൃത്തംതികഞ്ഞുള്ള പപ്പടം പായസം
കത്തിരിക്കാപ്പൊടിത്തൂവലും തോരനും
പുത്തരിച്ചുണ്ടയ്ക്ക പാവയ്ക്ക കോവയ്ക്ക
വത്തൽവറുത്തവക പലതിങ്ങനെ

Digitized By Kerala Sahitya Akademi

മത്തപ്പുളിങ്കറി പച്ചടി കിച്ചടി
കൊത്തമല്ലിച്ചാറുമേവം പലവിധം
പഞ്ചാമൃതം നല്ല പാലും പഴങ്ങളും
പഞ്ചസാരപ്പായസം മതിയോളവും
ചിഞ്ചാഫലക്കറി ചീരക്കറിപിന്നെ
യഞ്ചാറുപട്ടം പ്രഥമൻ പഴനുറു-
ക്കിഞ്ചിക്കറി നല്ലമാങ്ങാക്കറികളും
കിഞ്ചിൽ പുളിച്ചുള്ള തൈരും മഹാരസം
അച്ചിങ്ങയും നല്ല ചേമ്പുമിളവനും
കൊച്ചുബൃഹതീഫലങ്ങളുമിട്ടങ്ങു
വെച്ചുചമച്ച കറിയിനു ശേഷിച്ചു
വെച്ചേച്ചുപോവാനെനിക്കെളുതല്ലെടോ!
ചേനത്തലയൻ പരിപ്പുകാര! തന്റെ
മേനിപ്പകിട്ടുകൊണ്ടേതും ഫലംവരാ;
മാനിക്കമെല്ലാരുമെന്നു തെളിഞ്ഞങ്ങു
മാനത്തുനോക്കി നടക്കുന്നതെന്തെടോ?
ആനച്ചുവടനാം പപ്പടവും പഴം
ചീനത്തരം നല്ല പഞ്ചസാരപ്പൊടി
തേനുമൊഴിച്ചു കുഴച്ചു ചെലുത്താതെ
ഞാനെത്രനേരം ക്ഷമിച്ചിരുന്നീടേണ്ടു?
ചെണ്ടപ്പഴം നറുക്കൻപത്തുമൻപത്തും
തുണ്ടം നമുക്കു തൊലിച്ചു വിളമ്പണം.
രണ്ടില്ലപക്ഷം ഞൊടിക്കിട കൊണ്ടിന്നു
കണ്ടുകൊള്ളാമെന്റെ ഭക്ഷണപ്രാഭവം.-

Digitized By Kerala Sahitya Akademi

പണ്ടാരമാം മുതൽകൊണ്ടു ചെലവിട്ടു
കണ്ടുകൃഷിയതിലുണ്ടായ വസ്തുക്കൾ
കണ്ടവർക്കൊക്കയും കട്ടുകൊടുക്കുവാൻ
പണ്ടുള്ളപാട്ടന്റെ തേട്ടമല്ലോക്കേടോ!
കണ്ണാപ്രമാണം കഴിച്ചുകൊണ്ടാൽ പിന്നെ
മിണ്ടാതിരിപ്പാൻ നമുക്കില്ല സങ്കടം.
ശുണ്ഠിയേറീടുന്ന നമ്മോടു നേരിട്ടു
ശണ്ഠകൂട്ടിപ്പാൻ തുടങ്ങേണ്ട വല്ലതും.
ചക്രപ്രഥമനെടുക്കാതെ താനങ്ങു
തെക്കും വടക്കും നടക്കുന്നതെന്തെടോ?

സന്താനഗോപാലം തുള്ളൽ, കിളിമാനൂർ വിദ്വാൻ കോയിത്തമ്പുരാൻ.

---

## ൩. സജ്ജനങ്ങൾ.

സത്തായീടിനശീലത്താൽ
ജയിക്കാം മൂന്നുലോകവും;
സൽസ്വഭാവിക്കു ലോകത്തിൽ
സകലം സാദ്ധ്യമാം സദാ.
തനിക്കുള്ളോനന്യനായോ-
നെന്നഭേദം നിനയ്പവൻ,
അല്പനാണുത്തമന്മാർക്കി-
ബ്ഭൂമിതന്നെ കുടുംബമാം.
പ്രസാദം വദനത്തിങ്കൽ,
കാരുണ്യം ദർശനത്തിലും,

Digitized By Kerala Sahitya Akademi

മാധുൎയ്യം വാക്കിലും ചേൎന്നു-
ള്ളവനേ പുരുഷോത്തമൻ.
ദുൎജ്ജനം മൺകുടംപോലെ
ഭേദിക്കാം, ചേൎക്കുവാൻപണി;
സജ്ജനം പൊൻകുടംപോലെ
ചേൎക്കാം, ഭേദിക്ക ദുൎഘടം.
കോപിപ്പിക്കുകിലും തെല്ലു-
മിളകാ സാധുമാനസം;
ചൂട്ടെരിച്ചു പിടിച്ചീടിൽ
കടൽവെള്ളം തിളയ്ക്കുമോ?
അടികൊണ്ടിട്ടു കീഴ്പ്പോട്ടു
പോകിലും പന്തുയൎന്നിടും;
സാധുവൃത്തൎക്കെഴും താഴ്ച
ദീൎഘമായ് നിലനിന്നിടാ.
ഉപകാരികളിൽ സാധു-
വെന്നാലെന്തുള്ളു സാധുത?
അപകാരികളിൽ സാധു-
വായവൻ തന്നെ സാധുവാം.
നെല്ലിനുവിട്ടോരുവെള്ളം
പുല്ലിനുമൊഴുകിത്തഴപ്പു നല്കുന്നു;
നല്ലവനൊരു[illegible]
യെല്ലാവൎക്കും ഫലം കൊടുക്കുന്നു.

Digitized By Kerala Sahitya Akademi

ദ്രോഹിപ്പവരേയും ബുധർ
പാലിപ്പോർ ശക്തിപോലെ മൃതിയോളം;
ഛേദിപ്പോക്കുമ്മരനിര-
യേകിപ്പോരുന്നു തണൽ പതിപ്പോളം.

കെ. സി. കേശവപിള്ള.

---

## ൭. ഒരു പോരിനുവിളി.

(വഞ്ചിപ്പാട്ട്)



**അൎജ്ജുനൻ:—**

ശങ്കരനെദ്ദൂഷിക്കുന്ന നിൻകരളുപിളൎപ്പൻ ഞാൻ
ശങ്കയില്ലാ നമുക്കേതും, മൂഢനായോനേ!
കണ്ടകള്ളത്തടിയന്മാർ കണ്ടതെല്ലാം പറയുമ്പോൾ
കണ്ണുനാളം പറിച്ചഗ്നിതന്നിലിടേണം.

Digitized By Kerala Sahitya Akademi

നേരേവന്നുകരേറാതെ ദൂരവേനില്ലെടാമൂഢാ!
പോരുമോരോ ദൂഷണങ്ങൾ പറഞ്ഞതെല്ലാം.
ശങ്കരനെത്തൃണത്തോളം ശങ്കയില്ലാത്തൊരുനിന്റെ
ഹുംകൃതി ഞാൻ നിലപ്പിപ്പാൻ തുടങ്ങുന്നിപ്പോൾ.

കാട്ടാളൻ:—

എങ്കിൽവാടാ ഫൽഗുനാ! നീ നല്ലതല്ല തുടങ്ങുന്നു
ശങ്കിയാതെ ജല്പിതങ്ങൾ പറഞ്ഞീടൊല്ലേ!
വീരനായ കൊലയാനത്തലവനെക്കൊലചെയ്‌വാൻ
ഭീരുവായ മാൻകിടാവു തുടങ്ങുംപോലെ.
ഗരുഡനും പറക്കുന്നു, കാകൻതാനും പറക്കുന്നു,
ഇരുവരുമൊരുപോലെ വരുമാറുണ്ടോ?
എലി വീട്ടിൽക്കിടക്കുന്നു, പുലികാട്ടിൽക്കിടക്കുന്നു,
വലിപ്പംകൊണ്ടിരുവർക്കും സമത്വമുണ്ടോ?
എലിപോലെയിരുന്നുനീ പുലിപോലെപിണങ്ങുന്നു,
ബലവാന്മാരോടു കേറിപ്പിണങ്ങീടാമോ?
അരവത്തെക്കൊലചെയ്‌വാൻ കാരണയ്ക്കിന്നെളുതാമോ?
പുരുഷരെന്നതുമെല്ലാം പുരുഷരല്ല.
അടങ്ങിക്കൊള്ളെടാ ഭോഷ തുടങ്ങേണ്ട ചിലമോഹം
പടവെട്ടിജ്ജയിപ്പാൻ നീ സമർത്ഥനല്ല.
ആയുധങ്ങളറിയാത്ത നീയിതിന്നു മുതിരേണ്ട,
കായൽകാണാത്തവൻ വള്ളംകളിക്കുംപോലെ.

കിരാതംവഞ്ചിപ്പാട്ട്.

Digitized By Kerala Sahitya Akademi

## ൮. മനുഷ്യന്റെ അപൂർണ്ണത.

കുററംകൂടാതുള്ള നരന്മാർ
കുറയും ഭൂമിയിലെന്നുടെ താത!
ലക്ഷംമാനുഷർ കൂടീടുമ്പോൾ
ലക്ഷണമുള്ളതിലൊന്നോ രണ്ടോ?
ഉടലതിസമ്യമൊരുത്തനുകാൽക്കൊരു
മുടവുണ്ടവനുനടക്കുന്നേരം.
മറെറാരു പുരുഷൻ സുന്ദരനെങ്കിലു-
മൊററക്കണ്ണനതായതുദോഷം.
ചേർച്ചകൾ പലതുണ്ടൊരുവനു കിഞ്ചിൽ
പൂച്ചക്കണ്ണുണ്ടന്നൊരുദോഷം.
കാഴ്ചക്കാരുചിരിച്ചുതുടങ്ങും;
ചേർച്ചയ്ക്കുവനും ചിതമല്ലല്ലോ;
നല്ലോരുവിദ്വാനവനുടെ വായിൽ
പല്ലുകളൊന്നും കാണ്മാനില്ല.
പലഗുണമുള്ളൊരു പുരുഷനവന്റെ
തലമുടിയൊക്കെ നരച്ചുവെളുത്തു.
തിലകക്കുറിയും ചൊടിയും കൊള്ളാം
തലയിലവന്നൊരു രോമവുമില്ല.
ശാസ്ത്രമശേഷം വശമൊരു പുരുഷനു
ഗാത്രംകണ്ടാലല്ലോ വികൃതം.
ശ്രോത്രങ്ങളും [illegible]ച്ചൊരുവന്ന
മാത്രംപോലും കേൾപ്പാൻ വഹിയാ.

Digitized By Kerala Sahitya Akademi

വ്യാകരണത്തിൻ വ്യാഖ്യാനങ്ങളു-
മാകെത്തന്നെമുഖസ്ഥമൊരുത്തന്നു
വാക്കിന്നുഫലിതവുമുണ്ടവനല്പം
കാക്കക്കണ്ണുണ്ടെന്നൊരുദോഷം.
തർക്കം പലതുംകണ്ടവനൊരുവന്നു
വർത്തില്ല ശരീരം കണ്ടാൽ.
മിക്കതുമൊരുവൻ ലക്ഷം പദ്യമൊ-
രിക്കൽകേട്ടാലങ്ങു ഗ്രഹിക്കും.
വിക്കുകൾകൊണ്ടവ പറവാൻ വഹിയാ
സൽക്കഥ വളരെയറിഞ്ഞൊരു ദേഹം!
കകകകകംസൻ, കികികികിക്കൃഷ്ണൻ
പുപുപുപുപൂതനയെന്നാം കഥയിൽ.
നല്ലൊരുജ്ജാതിയിൽ വന്നു പിറന്നു;
നല്ലൊരു രൂപഗുണങ്ങളുമുണ്ട്.
ഹരിയെന്നാദിയൊരക്ഷരമവനുടെ-
യരികേക്കൂടിപ്പോയിട്ടില്ല;
പ്രൗഢതയെല്ലാം കണ്ടാൽ തോന്നും;
മൂഢതയല്ലാതവനറിവില്ല.
ഗണിതഗ്രന്ഥം വൈദ്യവുമുണ്ടതി-
ഗുണവാനെന്നു പ്രസിദ്ധൻതാനും;
ലോകതയെന്നതു കണികാണ്മാനി-
ല്ലേകന്നുദോഷമനേകമസംഖ്യം;

Digitized By Kerala Sahitya Akademi

കണ്ടാൽ നല്ലൊരു പുരുഷനവനോ
വേണ്ടാസനാവും കോപവുമേറും;
കണ്ടജനത്തൊട്ടു ശൃണ്ണികടിക്കും;
രണ്ടാംവാക്കിനു കേറിയടിക്കും.
മീശക്കൊമ്പും ലന്തക്കുഴലും
ദേശത്തേക്കൊരുമുമ്പും വമ്പും
ഊശാന്താടിയുമുള്ളവനങ്ങൊരു
കാശിനുപിടിയാ പടയിൽച്ചെന്നാൽ.

കുഞ്ചൻ നമ്പ്യാർ.

---

## ൯. വിദ്യാധനം.

കള്ളന്നു കട്ടുകൊണ്ടുപോകുവാൻ കാണാത്തതു-
മെപ്പൊഴും ജനങ്ങൾക്കു സുഖത്തെ നല്കുന്നതും
ചോദിക്കുന്നവൎക്കെന്നും കൊടുപ്പാൻ സാധിപ്പതു-
മെന്നാലും ദിനംപ്രതി വൎദ്ധിച്ചുവരുന്നതും
പ്രളയകാലത്തിലും നശിക്കാതിരിപ്പതു-
മായതുവിദ്യയെന്നു പേരാളുന്നൊരുധനം.
വളകളല്ല നല്ലപുരുഷനലങ്കാരം
ചന്ദ്രനെപ്പോലെ മിന്നും മുത്തുമാലയുമല്ല;
കുളിയുമല്ല, കുറിക്കൂട്ടുമല്ലലങ്കാരം
പൂക്കളുമല്ല, ഭംഗിചേൎന്ന കേശവുമല്ല;

Digitized By Kerala Sahitya Akademi

തെററുതീൎന്നിരിക്കുന്ന മധുരമൊഴിയൊന്നേ
പുരുഷനലങ്കാരമായിരിക്കുന്നതുള്ളു.
മററുള്ളോരലങ്കാരം ക്ഷയിക്കാം ക്ഷണംകൊണ്ടു;
വാക്കാകുമലങ്കാരമെപ്പോഴുമലങ്കാരം.
പുരുഷനശേഷസൌന്ദൎയ്യവും വിദ്യതന്നെ;
ഗൂഢമായ് സൂക്ഷിപ്പോരു മുതലും വിദ്യതന്നെ;
ആഭരണാദി ഭോഗഹേതുവും വിദ്യതന്നെ;
യശസ്സൌഖ്യത്തിനെന്നും കാരണം വിദ്യതന്നെ;
ഗുരുക്കന്മാൎക്കു ഗുരുവായതും വിദ്യതന്നെ;
അന്യരാജ്യത്തുപോയാൽ ബന്ധുവും വിദ്യതന്നെ;
പാലിക്കും പരദൈവമായതും വിദ്യതന്നെ;
രാജാക്കന്മാരും പൂജിക്കുന്നതും വിദ്യതന്നെ.
ഇച്ചൊന്ന ഗുണമൊന്നും ധനത്തിന്നില്ല ചെററും
വിദ്യയില്ലെന്നാലവൻ കേവലം മാടുതന്നെ.

ഭൎത്തൃഹരി, കുലത്തൂർ അനുജൻ നമ്പൂതിരിപ്പാട്.

---

## ൧൦. ബാലലീല.

പണ്ടൊരുണ്ണികൾകൂടിക്കളിപ്പതി-
നൊത്തുപുറപ്പെട്ടു കാട്ടുപുക്കീടിനാർ.
ലന്തപ്പഴം നല്ല മാമ്പഴം തേമ്പഴം
ചന്തത്തിൽ നില്ക്കുന്ന ഞാവൽപ്പഴങ്ങളും

Digitized By Kerala Sahitya Akademi

ചക്കപ്പഴങ്ങളുമാഞ്ഞിൽപ്പഴങ്ങളു-
മൊക്കത്തിരഞ്ഞുവിരഞ്ഞു നടക്കയും
പൊക്കത്തിലുള്ള മരങ്ങളേറിച്ചില
തക്കത്തിലൊക്കെക്കുലുക്കി വീഴിക്കയും
കാട്ടിൽനില്ക്കും മഹാചൂതവൃക്ഷത്തിന്റെ
ചോട്ടിൽപ്പൊഴിയുന്ന ചൂതഫലങ്ങളെ-
ത്തൊണ്ടിപ്പലവഴി മണ്ടിത്തിരിക്കയും
കുണ്ടിൽപതിക്കയും ശൃങ്ഗികടിക്കയും
മുണ്ടിൽപ്പെറുക്കി സ്വരൂപിച്ചുമാമ്പഴം
കണ്ടിച്ചുതമ്മിൽ പകുത്തുകൊടുക്കയും
കണ്ടിരിക്കുന്നവനണ്ടിക്കൊണ്ടേറുകൾ
കൊണ്ടുപൊറുക്കാഞ്ഞു ശണ്ഠയിട്ടും തടി-
കൊണ്ടുടൻ തങ്ങളിൽ താഡനം ചെയ്കയും
കണ്ടകം കാൽകളിൽ കൊണ്ടുകേറിക്കിട-
ന്നിണ്ടൽപ്പെടുന്നതു കണ്ടു ചിരിക്കയും;
അണ്ടിചപ്പിച്ചിലരണ്ടുമിണ്ടും വനേ
മണ്ടിക്കിതച്ചും മറിഞ്ഞുവീണും ചിലർ;
നാലഞ്ചുമാമ്പഴം മുണ്ടിൽപ്പൊതിഞ്ഞൊരു
ബാലൻ പതുക്കെപ്പടലിലൊളിച്ചുവ-
ച്ചങ്ങൊരുദിക്കിൽ പഴം പെറുക്കീടുവാ-
നങ്ങോട്ടുമണ്ടിത്തിരിച്ചോരനന്തരം
കണ്ടങ്ങു നില്ക്കുന്ന മറെറാരു ബാലകൻ
മുണ്ടോടുകൂടവേ മാമ്പഴം മോഷ്ടിച്ചു
കൊണ്ടുപോന്നൊക്കവേ പൂളിബ്ഭുജിച്ചുടൻ


Digitized By Kerala Sahitya Akademi

മൂണ്ടിലങ്ങിങ്ങി നിറച്ചു പൊതിഞ്ഞാറു
മൂന്നാമിരുന്ന പടലിലൊളിച്ചവ-
ച്ചുന്ന്യദിക്കിന്നു തിരിച്ചുമണ്ടീടിനാൻ.
മൂണ്ടിന്നകത്തൊരു മാമ്പഴമില്ല, പ-
ത്തണ്ടിയല്ലാതെ മറെറാന്നുമേ കണ്ടില്ല,
ശുണ്ഠികടിച്ചു ശകാരം തുടങ്ങിനാൻ.

ഗ്രാഹമോക്ഷം, കുഞ്ചൻനമ്പ്യാർ.

——

## ൧൧. ആദിത്യൻ.



ലോകങ്ങളൊക്കെ വഴിപോലെ വിളങ്ങുമാറ-
ങ്ങാകാശദേശമതിൽ വാണരുളുന്ന ഭാനോ!
ശോകങ്ങൾ നീക്കിയനിശം ശുഭമേകുവാനാ-
യാകുന്നപോലയി! ഭവാനെ വണങ്ങിടുന്നേൻ.
നീയല്ലയോ നിജവിശുദ്ധകരങ്ങൾ കൊണ്ടി-
ങ്ങീയുള്ളവക്കരിയ ജീവനമേകിടുന്നോൻ?
നീയില്ലയെങ്കിലിതുകൊണ്ടിഹ പാക്കിലന്ധ-
പ്രായം സമസ്തജനവും ജഗതീതലത്തിൽ.
നീരാവിചേൎന്നു ഗഗനേ ഘനമായ് ചമഞ്ഞു
ധാരാളമായസലിലം വിമലംചൊരിഞ്ഞു

Digitized By Kerala Sahitya Akademi

പാരാകെയിങ്ങു ശിശിരീകൃതമാക്കുവാനും
പോരാന്നു നിന്നുടയ രശ്മികൾ ഹേതുവല്ലോ.
ചൊല്ലാർന്നിരുന്ന ഭവദാഗമവേളയോർത്തി-
ട്ടുല്ലാസമോടു പതഗാവലി വാഴ്ത്തിടുമ്പോൾ
കല്യത്വമിങ്ങുയരുമാറുന്നയും വിഭോ! നിൻ
കല്യാണകാന്തിഭരകന്ദളമെത്ര രമ്യം!
കാലത്തുനല്ലമൃദുലത്വമൊടേ വിളങ്ങും
ചേലൊത്ത രശ്മിനികരങ്ങൾ ഭവാൻ ക്രമത്താൽ
മേലെത്തിടുംപൊഴുതു ഞങ്ങളിലല്പമല്പം
മാലെത്തുമാറുരുതരം കഠിനങ്ങളാകും.
പിന്നെക്രമേണ തവ ചൂടു വിഭോ! കുറഞ്ഞു
മുന്നെക്കണക്കു മൃദുവായ് വരുമന്തിയിങ്കൽ;
അന്നേരമേററമുപശാന്തമരീചിയായി-
ട്ടുന്നോരു ബിംബമയി തേ മറയും മഹാത്മൻ!
ഈവർണ്ണമാണു ഭുവനേ മനുജർക്കു ജന്മ-
ഭാവങ്ങളാകിയൊരു ശൈശവയൗവനങ്ങൾ
താവും ജരാമൃതിയുമെത്തുവതെന്നു നിത്യം
നീ വിണ്ണിൽനിന്നു പറയുന്നു വിവേകികൾക്കായ്.
നിന്നിൽക്കവിഞ്ഞൊരു മഹത്വമശേഷലോകം
തന്നിൽത്തിരക്കിലുമൊരിക്കലുമാർക്കുമില്ല;
എന്നിപ്രകാരമതിഭക്തിയൊടേ സദാ ഞാ-
നന്നിബ്ഭവാനെ വഴിപോലെ വണങ്ങിടുന്നേൻ.

———

Digitized By Kerala Sahitya Akademi

## ൧൨. ഒരു വേർപാട്.

(ശ്രീകൃഷ്ണൻ വളർത്തച്ഛനായ നന്ദനോടു പറയുന്നതു്)

അച്ഛനുമമ്മയും മററിവരുണ്ടല്ലോ
ഇച്ഛയെ നല്കുവാനെന്നുനണ്ണി
ദീർഘമായുള്ളോരു കാലമിങ്ങെങ്ങാനും
പാർക്കുമിവനെന്നതോർക്കല്ലാതെ.
അച്ഛനായുള്ളതു നീയൊഴിച്ചാരുമി-
ല്ലച്യുതൻതന്നാണ ചൊല്ലാമിപ്പോൾ.
പെററുവളർത്തൊരു തായായിനിന്നതും
മററുമെനിക്കു മററാരുമില്ലേ.
ആററിലും തീയിലും വീഴാതെകണ്ടെന്നെ-
പ്പോററിവളർത്തതു നിങ്ങളല്ലോ.
ഇങ്ങനെയുള്ള ഞാനെന്നെ മറക്കിലും
നിങ്ങളെയെന്നും മറക്കയില്ല.
എന്നമ്മതന്നോടു ചൊല്ലണം പിന്നെ നീ-
യെന്നെ മറക്കല്ലായെന്നിങ്ങനെ.
പാൽവെണ്ണയുണ്ണാഞ്ഞു വേദനയുണ്ടുള്ളിൽ
പാരമെനിക്കെന്നും ചൊൽക പിന്നെ.
വെണ്ണയും പാലുമങ്ങാരാനും പോരുന്നോ-
രുണ്ടെങ്കിൽ മെല്ലെവരുത്തണമേ.
വാഴപ്പഴങ്ങളും വണ്ണം തിരണ്ടവ;
കേഴുവനല്ലായ്കിലെന്നു ചൊൽ നീ.

Digitized By Kerala Sahitya Akademi

മഞ്ഞൾപിഴിഞ്ഞുള്ള കൂറകളെല്ലാമേ
മങ്ങാതെമാനിച്ചുകൊള്ളണം നീ.
പാവകളൊന്നുമേ പാഴായിപ്പോകാതെ
പാലിച്ചുകൊള്ളണം പാരാതെ നീ.
ചേണുററുനിന്നുള്ളോരോണവില്ലെന്നുമേ
ഞാണററുപോകല്ല ഞാൻ വരുമ്പോൾ.

കൃഷ്ണഗാഥ, ചെറുശ്ശേരിനമ്പൂതിരി.

---

## ൧൩. ഭീമൻകുട്ടിയുടെ വിക്രമങ്ങൾ.

വായുതനയനെനോക്കി—ച്ചൊന്നാൻ
വൻപൻപുഴയുടയോനും.
ഭാൎയ്യയ്ക്കു ശുശ്രൂഷനീയു-മൊരു
വാട്ടംവരാതെ ചെയ്യേണം.
നിത്യം കുളിപ്പതിനുള്ള—വെള്ളം
കാച്ചണമെന്നു പറഞ്ഞു.
ബാലകൻ ചെമ്പണ്ടെടുത്തു-മട-
പ്പള്ളിക്കകമേ കടന്നു.
ചെപ്പുക്കുടം രണ്ടെടുത്തു-വെള്ളം
കോരിച്ചൊരിഞ്ഞു നിറച്ചു!
അഗ്നിയും കത്തിച്ചു നന്നായ്-വെള്ളം
കാഞ്ഞുതിളച്ചു തുടങ്ങി;
ചോരിക വേഗം കുളിപ്പാ-നര
നാഴിക തെററരുതമ്മേ!

Digitized By Kerala Sahitya Akademi

എന്നുപറഞ്ഞുടൻ ഭീമൻ—ചെന്നു
കാൽകരം കൂട്ടിപ്പിടിച്ചു.
മെല്ലെയവിടുന്നെടുത്തു—തിള-
വെള്ളത്തിലിട്ടു മറിച്ചു.
മറെറാരു ചെമ്പങ്ങെടുത്തു—കുട്ടി
ചിത്രമായ്‌വെച്ചങ്ങുമൂടി.
ചെന്നു കടവിലന്നേരം—ചൊന്നാൻ
വൻപൻപുഴയുടയോനും.
"അമ്മയ്ക്കു നല്ലസുഖമോ—കുട്ട-
നൊന്തിന്നിങ്ങോട്ടിപ്പോൾ പോന്നു?
സൌഖ്യമായമ്മയിരിപ്പു—ണ്ടൊരു
നാളും ലയമവൾക്കുണ്ടോ"
"ഓടംകടത്തണമിപ്പോ-ളെനി
ക്കാലസ്യം പാരം മകനെ!"
എന്നുരചെയ്തൊരു നേരം-ഭീമ-
നൊന്നവനോടു പറഞ്ഞു.
"അഞ്ചുന്നു തോണിനടുവി-ലൊരു
വാട്ടം വരാതെയിരിക്കാം.
അങ്ങോട്ടുമിങ്ങോട്ടും വേഗം—പുഴ
ഞാൻവലിച്ചങ്ങിറക്കീടാം"
ആകട്ടെയെന്നവൻ കേറി—ഭീമ-
ന്നാററമായൊന്നു വലിച്ചു.
തോണിനടുപ്പുഴതന്നിൽ—ചുഴ-
ന്നമ്മാറു കീഴ്‌പ്പോട്ടുതാണു.

Digitized By Kerala Sahitya Akademi

തോണിപ്പുഴയുടയോനും—മുങ്ങി
നീന്തിത്തുടിച്ചു തുടങ്ങി.
കാലും കരവും തളൎന്നു – പാവം
കണ്ണുമിഴിച്ചു തുടങ്ങി.
കൊല്ലരുതെന്നു കരുതി— ഭീമ-
നക്കര തന്നിലെറിഞ്ഞു.

ഭീമൻകഥ.

## ൧൭. കൊള്ളരുതാത്ത വാലിയക്കാരൻ.

ഒന്നും തിരിയാത്താളുകളുണ്ടിഹ;
മന്ദന്മാരവരെന്തിനു കൊള്ളാം?
തിന്നുമുടിപ്പാനല്ലാതവരാ-
ലൊന്നുമെനിക്കൊരു ലാഭവുമില്ല.
ഒന്നിനയച്ചാലതു സാധിക്കി-
ല്ലെന്നല്ലമള്ളിയുമൊന്നു വരുത്തും.
എന്നുടെ മുതലുമുടിപ്പാനെപ്പൊഴു-
മെന്നുടെ ഭൃത്യന്മാർ മുതിരുന്നു.
പട്ടിണിയെന്നതു നമ്മുടെപിള്ളേ-
ൎക്കൊട്ടും തന്നെസഹിപ്പാൻമേലാ;
വെട്ടമെടുക്കുംമുമ്പേയപ്പികൾ
ഛട്ടിസ്സാദമെടുത്തുഭുജിക്കും.

Digitized By Kerala Sahitya Akademi

കട്ടിത്തായിരും കൂട്ടിയുരുട്ടിയ-
തൊട്ടല്ലതുമൊരു പഞ്ചപ്രസ്ഥം.
കൊററുകഴിച്ചൊരു തെക്കൻമുണ്ടും
ചുററിയുടുത്തൊരു തൊങ്ങലുതൂക്കി
വെററിലതിന്നുമുഴുപ്പിച്ചുംകൊ-
ണ്ടേററുതിരിക്കും രസികന്മാരായ്.
പകയുള്ളവരെപ്പിഴചെയ്യിച്ചൊരു
വകയുണ്ടാകും പുകയിലകൊൾവാൻ.
പകലും രാവുമഹങ്കാരത്തിനു
മികവുള്ളവരിവരെന്തൊരു കഷ്ടം!
തിരുവുള്ളക്കാരിവരെന്നോർത്തി-
ട്ടുരിയാട്ടുകയില്ലറിവുള്ളവരും.
ചോറുകൊടുക്കും യജമാനങ്കൽ
കൂറുള്ളവരിഹപാരം കുറയും;
മാറുകയില്ലപറഞ്ഞാലെന്നാ-
ല്ലേറുകയേവരു ദിവസംതോറും.
ഏറുകൊടുപ്പാൻ തോന്നുമെനിക്കി-
പ്പോറകളുടെ ധിക്കാരം കണ്ടാൽ.
നൂറുജനത്തിലൊരുത്തനു നേരി-
ല്ലീറവരുന്നതു പെരുതോ തോഴ!
തോണികടന്നാൽത്തുഴ വേണ്ടെന്നൊരു
നാണയമുണ്ടതു ഭോഷ്ക്കല്ലേതും;
ഊണുകഴിച്ചു തിരിച്ചാലവരെ-
ക്കാണുകയില്ലൊരു ദിക്കിൽപ്പോലും

Digitized By Kerala Sahitya Akademi

അത്താഴത്തിന്നിലവയ്ക്കുമ്പോ-
ളെത്താത്തവരുടെ പുലകൊണ്ടീടാം;
ചത്താലും വരുമഷ്ടിയടുത്താ-
ലോൎത്താലിങ്ങു വെറുപ്പാകുന്നു.

ഘോഷയാത്ര, കുഞ്ചൻനമ്പ്യാർ.

## ൧൫. ഓണം

അത്തമടുത്തടുത്തെന്നു ബാലക-
ൎക്കത്യുല്ലുത്സാഹമേറിക്കവിയുന്നു;
ചിത്തമോദം പുരവാസികളൊക്കെയു-
മത്തരത്തിൽ കലൎന്നീടുന്നു സാംപ്രതം.
വീടുകളെല്ലാം ശുചിയാക്കിയും നാലു-
പാടുകളുങ്ങുവെടിപ്പുവരുത്തിയും
കൂടുന്നൊരുത്സാഹമോടു വേണ്ടുംവിധം
തേടുന്നസന്തോഷമെന്തു ചൊല്ലാവതും.
പൂപ്പറിച്ചീടുവാൻ ബലകന്മാർ തങ്ങൾ
മുപ്പരായിട്ടിറങ്ങീടിനാരൊക്കെയും.
രാപ്പകലെന്നുള്ള ഭേദംകരുതാതെ
താൽപൎയ്യമോടു പൂക്കാടുകേറീടിനാർ.
ആൎത്തുവിളിച്ചു കളിച്ചുപുളച്ചുകൊ-
ണ്ടോൎത്തുടൻ തങ്ങളിൽ തിക്കിത്തിരക്കിയും
പേൎത്തുമവരവൎക്കാവുംവിധം പൂക്കൾ
ചേൎത്തു കൊട്ടക്കകമാക്കി മടങ്ങിനാർ.

Digitized By Kerala Sahitya Akademi

പത്തുനാളേയ്ക്കുമോരോവിധം ലക്ഷണ-
മൊത്ത പൂകൊണ്ടു കളംവരച്ചങ്ങനെ,
ചിത്തത്തിലത്യാദരം പൂണ്ടു മണ്ണുകൊ-
ണ്ടത്തപ്പിലുണ്ടാക്കിനാരൊരു ബിംബവും,
അന്നതിൽവെച്ചിതു തൃക്കാക്കരയപ്പ-
നെന്നു സങ്കല്പിച്ചു ഭക്തിപുരസ്സരം
പൂവുകൊണ്ടൊക്കെയലങ്കരിച്ചീടിനാർ,
ഭൂവിലിതിൽപ്പരമാഘോഷമില്ലപോൽ.
നിത്യവുമിങ്ങനെ ഘോഷിച്ചു വേണ്ടുന്ന
കൃത്യങ്ങളൊന്നും കുറച്ചില്ല ലേശവും;
അത്യന്തഭക്തിയാൽ ചെയ്യുന്നതൊക്കെയും
സത്യസ്വരൂപനു തൃപ്തിയായേ വരൂ.
ഒന്നായി രണ്ടായി മൂന്നായി നാലായി
നന്നായി നാളുകളഞ്ചായിതാറായി
ഏഴായിതെട്ടായിതുത്സാഹവും ഹന്ത!
താഴാതെ വർദ്ധിച്ചു വർദ്ധിച്ചു വന്നുതേ!
ഉത്രാടമായിതു നാളതുതൊട്ടുള്ള
സത്രാദികാര്യങ്ങളെന്തുരയ്ക്കേണ്ടു ഞാൻ?
ഹാ! ബാലരെന്നല്ല വൃദ്ധന്മാരായ് പുന-
രാബാലവൃദ്ധമാണും പെണ്ണുമൊക്കവേ
കുമ്പയും വീർപ്പിച്ചു കൂട്ടുന്നോരേമ്പലാൽ
തൻപ്രിയം പൂർത്തിയായെന്നു ചൊല്ലീടിനാർ.
പാരം വിനോദമായെല്ലാരുമൊത്തൊരു
നേരം ജഗത്തിങ്കൽ മററില്ല നിശ്ചയം.

Digitized By Kerala Sahitya Akademi

ഇങ്ങനെ ലോകത്തിനാഹ്ലാദമേകുന്ന
മംഗലവാസരമോണമത്രേ ദൃഢം.
ഭാഗ്യേശ്വരൻ തന്നെയോർത്തുകൊണ്ടെപ്പൊഴും
വാണെങ്കിലാർക്കും ഭവിക്കും ശുഭം ശുഭം.

കെ. സി. നാരായണൻനമ്പ്യാർ.

---

## ൧൩. പിശുക്ക.

ഒരു പടിമുതൽ കെട്ടിവച്ചിരിക്കും
പുരുഷരെയും ചെറുതും പ്രയാസമെന്യേ
ഒരു വലിയ ദരിദ്രനൊപ്പമാക്കാൻ
വിരുതു പിശുക്കിനു തുല്യമേതിനുള്ളൂ?

അവനവനു സുഖത്തിനാണു സമ്പ-
ത്തവനിയിലേവനുമെന്നറിഞ്ഞിടാത്താൾ
ശിവ ശിവ ധനികാഗ്ര്യനും ദരിദ്ര-
പ്രവരനുമോർക്കുകിലൊന്നുപോലെ തന്നെ.

വെറുമധനികർ ജോലിചെയ്തു കിട്ടും
ചെറുമുതൽ നിത്യസുഖത്തിനാകുമല്ലോ;
വറുതിയിലമരും ധനാഢ്യനെക്കാൾ-
ഒപ്പമുതി ദരിദ്രനു മെച്ചമായിരിക്കും.

Digitized By Kerala Sahitya Akademi

പുരുഷപശു പിശുക്കനററകൈക്കു-
ള്ളൊരുതരിതേയ്ക്കുകക്കൂടിയില്ലപോലും;
ഒരുവനു ചെറുതൊന്നു നൽകിടാതി-
ല്ലൊരുകഴിചെങ്കിലവൻ മരിക്കുമല്ലോ,

നിരവധി ധനിയാകിലും പിശുക്കൻ
പരനൊരു വസ്തുവുമേകയില്ല പോട്ടേ;
തരമൊടവനു തൻകുടുംബരക്ഷാ-
പരതവരാത്തതൊരത്ഭുതസ്വഭാവം.

ഒരുവനെയുമറിഞ്ഞു വിശ്വസിക്കാ-
യ്കൊരുപൊഴുതും കനിവുള്ളിലേശിടായ്ക
പെരുതുദുരാ ദുരന്തചിന്തയെന്നീ-
ക്കരുമനകൾക്കു പിശുക്കൊരമ്മയത്രെ.

വിനയമൊടിവനൊന്നിരന്നിടുന്നേ-
നനവധി ശക്തികളുള്ള ദൈവമേ! നീ
ധനമരുളുകയില്ലയെങ്കിൽ വേണ്ടാ;
ജനമിതിനിത്ര പിശുക്കു നല്കിടൊല്ലേ.

വള്ളത്തോൾ നാരായണമേനോൻ.

Digitized By Kerala Sahitya Akademi

## ൨൭. ജ്യേഷ്ഠനും അനുജനും.



"അമ്പിളിനമ്മുടെ മുററത്തുമാമര-
ക്കൊമ്പിൽക്കയറിക്കളിച്ചിടുമ്പോൾ
ചെന്നുപിടിച്ചെൻെറ കൈക്കലാക്കീടണം
വന്നുതുണയ്ക്കണേ ജ്യേഷ്ഠനെന്നെ."
എന്നു സഹജൻ പറഞ്ഞോരുനേരത്തി-
ലൊന്നു ചിരിച്ചോതിയഗ്രജനും.
"പച്ചപ്പട്ടുവിഡ്ഢിയാകുന്ന നീയുണ്ണി!
കൊച്ചനാം നിൻകൊതി സാദ്ധ്യമല്ല.
ഉച്ചത്തിലെത്രയോ ദൂരത്തിലല്ലയോ
മെച്ചമായ് ചുററുന്ന ചന്ദ്രബിംബം."
ഇത്തരം ജ്യേഷ്ഠൻ ഹസിച്ചുപറഞ്ഞപ്പോ-
ളുത്തരമോതിനാൻ കൊച്ചനുജൻ.

Digitized By Kerala Sahitya Akademi

"ഏട്ടൻെറ പിട്ടും പിരട്ടും നിറഞ്ഞോരു
കുട്ടങ്ങളാരുമേ വിശ്വസിക്കാ;
ജാലകദ്വാരത്തിൽനിന്നമ്മ നമ്മുടെ
ലീലകൾ കണ്ടു ചിരിച്ചിട്ടുമ്പോൾ
ദൂരത്തിലാണമ്മയെന്നുരയ്ക്കുന്നവൻ
നേരസ്ഥനാകുമോ? ചൊല്ലുകേട്ടാ.
എന്നവൻ ചൊന്നതിനുത്തരമോതിനാൻ
മന്ദസ്മിതം തൂകിയഗ്രജനും:—
"എന്തൊരു വങ്കൻ മഹാവിട്ടുവിഡ്ഢിനീ
ചിന്തയില്ലാതെ ചിലച്ചീട്ടുന്നു;
ദൂരം പെരുക്കയാലക്കണ്ട പൂന്തിങ്കൾ
പാരം തെറുതെന്നു തോന്നൽമാത്രം!
ചാരത്തണഞ്ഞാൽ മഹാമഹാക്കുററനാം;
സൈ്വരം കെട്ടുത്തൊല്ലേ! പോയ്ക്കിടക്കൂ!"
കൊച്ചുകൈകൊട്ടിച്ചെറുദന്തമൊട്ടുകൾ
മെച്ചമായ്ക്കാട്ടിച്ചിരിച്ചു കുട്ടൻ
ഓമനക്കാൽകൊണ്ടു നൃത്തം ചവിട്ടിയുൾ-
പ്പൂമയങ്ങീടുമാറേവമോതി:—
"അയ്യോ പണിപ്പെട്ടെഴുത്തിനു പോയിട്ടു
പൊയ്യോ പഠിക്കുന്നതെൻെറയേട്ടൻ?
വല്ലാത്തവിഡ്ഢിത്തമീവണ്ണമോരോന്നു
ചൊല്ലാൻ തുടങ്ങുന്നതെത്ര മോശം!
ഓമനക്കുട്ടനാമെൻമുഖം ചുംബിപ്പാൻ
പ്രേമമോടമ്മ കുനിഞ്ഞുനില്ക്കേ

Digitized By Kerala Sahitya Akademi

വീൎത്തുവലുതായ് വരുന്നതുണ്ടോ മുഖം?
ഓൎത്തുകണ്ടാൽ മഹാവിഡ്ഢ്ഢിയേട്ടൻ."
എന്നേവമോതിയക്കൊച്ചുകുമാരകൻ
സന്ദേഹമെന്നിയേ തൃപ്തിപൂണ്ടു.
സോദരസന്തോഷമോൎത്തു പാൎത്തേററവും
മോദരസം തേടിയഗ്രജനും.
ഓമൽക്കിടാങ്ങൾതൻ സംഭാഷണം കേട്ടു
ത്തുമന്ദഹാസം പൊഴിച്ചിതമ്മ.
മാമരക്കൊമ്പിന്നടിയിങ്കൽ നിന്നാശു
സോമനും മേല്പോട്ടുയൎന്നുവന്നു.
ബാലകന്മാരിലും മാതാവുതങ്കലും
ചാലവേ പീയൂഷരശ്മിതൂകി.

രവീന്ദ്രകൃതി, പി. ജി., രാമയ്യർ, ബി. ഏ, ബി. എൽ.

---

## ൧൭. തത്വവിചാരം.

ഇന്നലെയോളമെന്തെന്നറിഞ്ഞീല;
ഇന്നിനാളെയുമെന്തെന്നറിഞ്ഞീല;
ഇന്നിക്കണ്ടതരുടിക്കു വിനാശവു-
മിന്നിനേരമെന്നേതുമറിഞ്ഞീല.
കണ്ടുകണ്ടങ്ങിരിക്കും ജനങ്ങളെ-
ക്കണ്ടില്ലെന്നു വരുത്തുന്നതും ഭവാൻ;

Digitized By Kerala Sahitya Akademi

രണ്ടുനാലു ദിനംകൊണ്ടൊരുത്തനെ-
ത്തണ്ടിലേററിനടത്തുന്നതും ഭവാൻ;
മാളികമുകളേറിയ മന്നന്റെ
തോളിൽ മാറാപ്പു ത്തുക്കുന്നതും ഭവാൻ;
കണ്ടാലൊട്ടറിയുന്നു ചിലരിതു;
കണ്ടാലും തിരിയാ ചിലർക്കേതുമേ;
ഹരിനാമങ്ങളില്ലാതെ പോകയോ,
നരകങ്ങളിൽ പേടി കുറകയോ,
നാവുകൂടാതെ ജന്മമതാകയോ;
നമുക്കിന്നിവിനാശമില്ലായ്കയോ,
കഷ്ടം! കഷ്ടം! നിരൂപണംകൂടാതെ
ചുട്ടുതിന്നുന്നു ജന്മം പഴുതേ നാം.
എത്രയും പണിപ്പെട്ടു മാതാവിന്റെ
ഗർഭപാത്രത്തിൽ വീണിതറിഞ്ഞാലും.
പത്തുമാസം വയററിൽ കഴിഞ്ഞുപോയ്;
പത്തുപന്തീരാണ്ടുണ്ണിയായും പോയി.
തന്നത്താനഭിമാനിച്ചു പിന്നേടം
തന്നത്താനറിയാതെ കഴിയുന്നു.
നീർപ്പോളപോലെയുള്ളോരു ദേഹത്തിൽ
വീർപ്പുമാത്രമുണ്ടിങ്ങനെ കാണുന്നു.
ഓർത്തറിയാതെ പാട്ടുപെട്ടുന്നേരം
നേർത്തുപോകുമതെന്നേ പറയാവൂ.
എണ്ണിയെണ്ണിക്കുറയുന്നിതായുസ്സും
മണ്ടിമണ്ടിക്കരേറുന്നു മോഹവും.

Digitized By Kerala Sahitya Akademi

വന്നു വോണം കഴിഞ്ഞു വിഷുവെന്നും
വന്നില്ലല്ലോ തിരുവാതിരയെന്നും
കുംഭമാസത്തിലാകുന്നു നമ്മുടെ
ജന്മനക്ഷത്രമശ്വതിനാളെന്നും
ഉണ്ണിയുണ്ടായി വേൾപ്പിച്ചതിലുമൊ-
രുണ്ണിയുണ്ടായിക്കണ്ടാവു ഞാനെന്നും
ഇത്ഥമോരോന്നു ചിന്തിച്ചിരിക്കവേ
ചത്തുപോകുന്നു പാവം! ശിവ ശിവ!
കൂടിയല്ല പിറക്കുന്ന നേരത്തും;
കൂടിയല്ല മരിക്കുന്ന നേരത്തും;
മദ്ധ്യേയിങ്ങനെ കാണുന്ന നേരത്തു
മത്സരിക്കുന്നതെന്തിനു നാം വൃഥാ?
വിശ്വനാഥൻ പിതാവു നമുക്കെല്ലാം
വിശ്വധാത്രി ചരാചരമാതാവും.

ജ്ഞാനപ്പാന; പൂന്താനം നമ്പൂതിരി.

---

## ൧൯. ഐകമത്യം.

രാമയ്യൻ പോർചെയ്തുപണ്ടിശ്ശീമയേററം പെരുകിയ-
ക്ഷേമൻ നൃപഭക്തൻ പ്രജാക്ഷേമം വളർത്തി;
കേശവനമമർചെയ്തു ദേശരക്ഷയ്ക്കുടമ്പെട്ടു
ക്ലേശമേറെത്തീർത്തു നാടശേഷം വിളക്കി;

Digitized By Kerala Sahitya Akademi

ചേരമാൻെറനാൾമുതൽക്കേചേരും ബന്ധുക്കളാംക്രിസ്ത്യർ
പാരം നമ്മോടൊന്നുചേർന്നു ചരിച്ചു'പണ്ടേ;

ബഹുവാണിഭാദിമൂലമിഹ മുതലേററം നമ്മോ-
ടഹമ്മതിയെന്ന്യേ വാഴ്‌വോർ മഹമ്മദീയർ;

പാഴിൽക്കാലം കളയാതെപ്പോഴും നേരേ തൊഴിൽ ചെയ്തു
വാഴ്‌വോരസ്മദീയരാകുമീഴവാദികൾ.

ഇപ്രദേശവാസികളാം വിപ്രാദികൾ പരസ്പരം
സപ്രമോദം വാണു'പണ്ടേ വിപ്രിയം വിനാ.

ഒന്നായ് നമ്മൾ നിന്നുവെന്നാലെന്നുമൂക്കുവളന്നീടും;
ഭിന്നരായാലൊന്നൊന്നായിത്തുലഞ്ഞുപോകും.

ഭിന്നവൃത്തികൾനിമിത്തം ഭിന്നരായ് നാം മുന്നമെന്നാ-
ലിന്നിയതില്ലല്ലോ; പിന്നെബ്ഭിന്നിപ്പെന്തിനായ്?

ഒരു നാട്ടിലുണ്ടായ് വളന്നൊരു ഭാഷ പെരുമാറി
വരുന്ന ജനങ്ങൾ തമ്മിൽപ്പിരിഞ്ഞീടാമോ?

മുല്ലാടിപ്പോൾപിരിഞ്ഞോരാംജപ്പാൻകാർ യോജിപ്പിനാലേ
കെല്പടഞ്ഞു പുകൾപെററാരിപ്പാരിലെങ്ങും;

രാട്ടിനേയും നാട്ടിനേയും ദാർഢ്യമോടേ ദൈവം പോലീ-
ക്ഷുട്ടരെണ്ണിബ്ജിരിക്കുന്നു വാട്ടമെന്നിയേ.

മേലും കീഴാൾകളെത്താങ്ങാൻ മേലായെന്നിരിപ്പവർക്കു
മേലരോട്ടു തുല്യമാവാൻ കാലമായീല.

Digitized By Kerala Sahitya Akademi

തുല്യദൃഷ്ടിയോടു നമ്മെയെല്ലാരേയും ഭരിക്കുന്ന
കല്യമഹീപനെക്കണ്ടു പഠിക്ക നമ്മൾ.

സഞ്ചിതജനതോയാണ്ടു വഞ്ചിഭൂപൻ ചിരകാലം
സഞ്ചിതാനന്ദം ജയിക്ക പഞ്ചമെന്നിയേ.

ദിവാൻബഹദൂർ ഏ. ഗോവിന്ദപ്പിള്ള, ബി. എ; ബി. എൽ.

—*—

## ൨൦. ശ്രീമൂലം തിരുനാൾ.

നാട്ടുകാരേ! നമുക്കിപ്പോൾ പാട്ടുപാടി കളിക്കേണം;
വീട്ടുകാര്യവിചാരങ്ങൾ വിട്ടുവന്നാലും.

കേട്ടുകൊൾവിൻ പത്മനാഭദാസവഞ്ചിപാലരാമ-
വർമ്മമൂലരാജനുടെ പുണ്യചരിതം.

ധർമ്മമല്ലോ കുലദൈവമെന്നു നിത്യം നിരൂപിച്ചു
നിർമ്മലനാം നമ്മുടയ പൊന്നുതമ്പുരാൻ.

ഭൂമിപാലകുലമൌലി ഭൂരിഗുണഗണശാലി
കാമിതാർത്ഥപ്രദൻ കാമദേവസമാനൻ.

അരശാണ്ടു വിളങ്ങവേയുള്ളവാകും ക്ഷേമങ്ങളെ-
യുരചെയ്യാലൊടുങ്ങുകില്ലെന്നേ ചൊല്ലാവൂ.

പ്രാഥമികവിദ്യാഭ്യാസം ഫീസെന്നിയേനടത്തിപ്പാൻ
പ്രീതിയുൾക്കൊണ്ടനുവാദമേകി മന്നവൻ.

Digitized By Kerala Sahitya Akademi

കരകൌശലശാലയും നല്ലവൈദ്യപാഠശാല
പെരുമകോലുന്ന വേദപാഠശാലയും

ചൊൽക്കൊള്ളുന്ന ബീ. ഏ. ക്ലാസിനുള്ള കാളേജൊന്നുംപി
ലാക്കാളേജും വിളങ്ങുന്നു നമ്മുടെ നാട്ടിൽ. [ന്നെ

തെളിവോട്ടും സ്ത്രീകളേയും വിദുഷികളാക്കീടുവാൻ
കേളിയേറും കാളേജൊന്നു വേറെയുണ്ടല്ലോ.

എന്നുതന്നെയല്ല മന്നനുദ്യോഗങ്ങളവൎക്കേകി-
യെന്നുമതിൽക്കൌതുകത്തെ വളൎത്തുന്നുണ്ടു്.

നിയമങ്ങൾ നിയതമായ് പരിഷ്കരിച്ചുണ്ടാക്കുവാൻ
നിയമനിൎമ്മാണസഭ സ്ഥാപിച്ചു ധീമാൻ.

പ്രജകൾക്കു ഭവിക്കുന്ന സങ്കടങ്ങൾ കേട്ടു തീൎപ്പാൻ
പ്രജാസഭയാണ്ടുതോറും നടത്തിക്കുന്നു.

വായുവേഗത്തേയും ജയിക്കുന്ന റയിൽവണ്ടിനാട്ടിൽ
പായുന്നിതു തമ്പുരാന്റെ തിരുവുള്ളത്താൽ.

ജീൎണ്ണമാകും ക്ഷേത്രമെല്ലാം കേടുനീക്കിപ്പണിയിച്ചു
സ്വൎണ്ണമയക്കൊടിമരം നാട്ടിയനേകം,

ചിൽക്കാതലാം ദേവദേവൻ തുണയെന്നു മനമൂന്നി-
സ്സൽക്കൎമ്മങ്ങൾ ചെയ്യുന്നതിനളവില്ലല്ലോ.

ജി. സി. എസ്. ഐ. ജി. സി. ഐ. ഈ. ഇത്യാദിയാം വരു
ഭാസിക്കുന്നു തിരുമേനി വിശ്രുതവിഖ്യാതൻ. (ത്തുകളാൽ

Digitized By Kerala Sahitya Akademi

പ്രജകളിലിതുപോലെ വാത്സല്യമുള്ളരചനെ
ഭജിക്കുവാൻ ഭാഗ്യമിന്നു നമുക്കേയുള്ളൂ.

തിരുവടിയുടെയോരോ വിജയങ്ങളേവം വാഴ്ത്താ-
നരുതരുതില്ല ശേഷി ഞങ്ങളിലാൎക്കും.

അറുപതുവത്സരങ്ങൾ വഞ്ചിഭൂവാസവൻ മൂലം
തിരുനാളിപ്രജകളെക്കാത്തുകൊള്ളേണം.

എം. ഉദയവൎമ്മത്തമ്പുരാൻ, ബി.

---

Digitized By Kerala Sahitya Akademi